## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2558 19.03.2015-ൽ മറുപടിക്ക്**

**ഭാരതപ്പുഴയിൽ തടയണകളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ : | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള കിണറുകളെ ആശ്രയിച്ച് നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ; | എ) | 1. തിരുവില്വാമല - കൊണ്ടാഴി കുടിവെള്ള പദ്ധതി<br>2. ചേലക്കര സെൻസസ് ടൗൺ കുടിവെള്ള പദ്ധതി<br>3. വടക്കാഞ്ചേരിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി<br>4. ചെറുതുരുത്തി കുടിവെള്ള പദ്ധതി<br>5. ദേശമംഗലം കുടിവെള്ള പദ്ധതി<br>6. കടങ്ങോടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി<br>7.മായന്നൂർ കുടിവെള്ള പദ്ധതി എന്നീ പദ്ധതികളാണ് ഭാരതപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള കിണറുകളെ ആശ്രയിച്ചിട്ടുള്ള പദ്ധതികൾ |
| ബി) പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ജല ലഭ്യത ഉറപ്പാക്കുവാൻ നിർമ്മിച്ചിട്ടുള്ള തടയണകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br><br>സി) ഇവയിൽ ഓരോ തടയണയും നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | ബി, സി, & ഡി | കേരള വാട്ടർ അതോറിറ്റി തടയണകൾ നിർമ്മിച്ചിട്ടില്ല. ജലസേചന വകുപ്പിന്റെ കീഴിൽ ചേലക്കര മണ്ഡലത്തിൽ രണ്ട് ചെക്ക് ഡാമുകളുടെ പണികൾ നടന്നു വരുന്നു.<br><br>1. ചെറുതുരുത്തി ചെക്ക് ഡാമിന്റെ നിർമ്മാണം ആരംഭിച്ചത് 20.11.2008 നാണ്. പ്രസ്തുത ചെക്ക് ഡാമിന്റെ 25% പണി മാത്രമേ നടത്തുവാൻ സാധിച്ചിട്ടുള്ളൂ. അതിനു ശേഷം പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മരണപ്പെടുകയും പണികൾ അവിടെ വച്ച് അവസാനിപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 6.18 കോടി രൂപയായിരുന്നു. ഈ പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവൃത്തികളുടെ പുതുക്കിയ |

| | | | |
|---|---|---|---|
| ഡി) | നിർമ്മാണം പൂർത്തിയാക്കാത്തതായി ഏതെങ്കിലും തടയണയുണ്ടെങ്കിൽ അവ എന്ന് ആരംഭിച്ചുവെന്നും അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം പൂർത്തിയാക്കാനുള്ള തടസ്സങ്ങളെന്താണെന്നും എപ്പോൾ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ; | | നിരക്കുകൾ അനുസരിച്ച് 14.50 കോടി രൂപയുള്ള എസ്റ്റിമേറ്റിന്റെ അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. കൊണ്ടാഴി പഞ്ചായത്തിലെ കുട്ടിൽ മുക്ക് ചെക്ക് ഡാം പണി നടന്നു കൊണ്ടിരിക്കുകയാണ്. പ്രവൃത്തി ആരംഭിച്ചത് 18.06.2013 ലാണ്. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 7,78,09,765/- രൂപ ആണ്. |
| ഇ) | ഏതെങ്കിലും തടയണയുടെ നിർമ്മാണം പുതിയതായി ആരംഭിക്കുവാനുണ്ടെങ്കിൽ അതിന്റെ ഭരണാനുമതി-ടെന്റർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഇ) | പാഞ്ഞാൾ പഞ്ചായത്തിലെ പൈങ്കുളം ചെക്ക് ഡാമിനും ദേശമംഗലം പഞ്ചായത്തിലെ കടപ്പാക്കയം ചെക്ക് ഡാമിനും മലബാർ ഇറിഗേഷൻ പാക്കേജിന്റെ ഭരണാനുമതി ലഭിച്ചിരുന്നു. പൈങ്കുളം ചെക്ക് ഡാമിന്റെ എസ്റ്റിമേറ്റ് Irrigation Design and Research Board (IDRB) ന്റെ ഡിസൈൻ അനുസരിച്ച് പുതുക്കി സാങ്കേതികാനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1050 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കടപ്പാക്കയം ചെക്ക് ഡാമിന്റെ ഇൻ വെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| എഫ്) | ഭാരതപ്പുഴയിലെ ജലനിരപ്പ് തുടർച്ചയായി താഴുന്നതു കാരണം ഭാവിയിൽ ഉണ്ടായേക്കാവുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുവാൻ തടയണകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | എഫ്) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ